


# കമ്മ്യൂണിസവും ക്രിസ്തീയവിശ്വാസവും

## ഒരു താരതമ്യപഠനം

MALAYALAM

AUTHOR

JINU NINAN © 2021

COPYRIGHTED

YOU MAY FREELY USE, SHARE, AND REPRODUCE ENTIRE UNALTERED ORIGINAL CONTENT FOR PERSONAL OR NONCOMMERCIAL USES AS LONG AS YOU PROVIDE AUTHOR'S NAME.

FOR FURTHER DETAILS PLEASE CONTACT:

JINU NINAN

EMAIL: ginuninan@gmail.com, info@cakchurch.com

WEBSITE:: WWW.CAKCHURCH.COM

# കമ്മ്യൂണിസവും ക്രിസ്തീയ വിശ്വാസവും

## ഒരു താരതമ്യപഠനം

## ജിനു നൈനാൻ

ഈ ലേഖനത്തിൽ കമ്മ്യൂണിസ്റ്റ് / മാർക്സിസ്റ്റ് പ്രത്യയ ശാസ്ത്രവും , ക്രിസ്തീയ വിശ്വാസവും തമ്മിലുള്ള ഒരു താരതമ്യപഠനം ആണ് ചെയ്യുന്നത്.ഏതെങ്കിലും വിധ ത്തിൽ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ഇക ഴ്ത്തുകയോ, പുകഴ്ത്തുകയോ അല്ല ലേഖനത്തിന്റെ ലക്ഷ്യം, താരതമ്യപഠനം മാത്രമാണ്.

കമ്മ്യൂണിസവും ക്രിസ്തീയ വിശ്വാസവും എന്ന വിഷയം ചിന്തിക്കുന്നതിനു മുൻപായി രാജ്യത്തിന്റെയോ സം സ്ഥാനത്തിന്റെയോ അധികാരത്തിലേക്ക് തിരഞ്ഞെടു ക്കപ്പെടുന്ന ഭരണകർത്താക്കളോടുള്ള ക്രിസ്തീയ മനോ ഭാവം എന്തായിരിക്കണം എന്നാണ് പുതിയനിയമം പഠി പ്പിക്കുന്നത് എന്ന് ചിന്തിക്കാം.

========================================

## ഭരണകർത്താക്കളോടുണ്ടാകേണ്ട ക്രിസ്തീയ മനോഭാവം

======================================

റോമർ 13:1 എല്ലാവരും രാഷ്ട്രത്തിന്റെ ഭരണാധി കാരികളെ അനുസരിക്കണം; ദൈവം അനുവദി ക്കാതെ ഒരധികാരവും ഇല്ലല്ലോ. നിലവിലിരിക്കുന്ന ഭരണാധികാരികളെ ദൈവമാണ് നിയമിച്ചിരിക്കുന്നത്. 2അതുകൊണ്ട് അധികാരത്തെ എതിർക്കുന്നവൻ ദൈവത്തിന്റെ വ്യവസ്ഥയെയാണ് എതിർക്കുന്നത്;

അങ്ങനെ ചെയ്യുന്നവൻ ശിക്ഷാവിധി വരുത്തി വയ്ക്കും

നന്മപ്രവർത്തിക്കുന്നവർക്കല്ല, ദുഷ്ടത പ്രവർത്തിക്കുന്നവർക്കാണ് ഭരണാധികാരി ഭയങ്കരനായിരിക്കുന്നത്. ഭരണാധികാരിയുടെ മുമ്പിൽ നിർഭയനായിരിക്കുവാൻ നീ ഇച്ഛിക്കുന്നുവോ? എങ്കിൽ നന്മ ചെയ്യുക. 4അപ്പോൾ അധികാരി നിന്നെ പ്രശംസിക്കും. നിന്റെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ദൈവദാസനാണയാൾ. എന്നാൽ നീ തിന്മ ചെയ്താൽ അധികാരിയെ ഭയപ്പെടണം. എന്തെന്നാൽ ശിക്ഷിക്കുവാനുള്ള അയാളുടെ അധികാരം യഥാർഥമായിട്ടുള്ളതാണ്. തിന്മ പ്രവർത്തിക്കുന്നവർക്കുള്ള ശിക്ഷ നടപ്പാക്കുന്ന ദൈവഭൃത്യനാണയാൾ. 5ശിക്ഷയെ ഭയന്നു മാത്രമല്ല, മനസ്സാക്ഷിയെക്കൂടി വിചാരിച്ച് അധികാരികളെ അനുസരിക്കേണ്ടത് ആവശ്യമാണ്.

തങ്ങളുടെ ഔദ്യോഗികധർമം നിറവേറ്റുമ്പോൾ അധികാരികൾ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണല്ലോ നിങ്ങൾ നികുതി കൊടുക്കുന്നത്. അവർക്കു കൊടുക്കുവാനുള്ളതു നിങ്ങൾ അവർക്കു കൊടുക്കണം; നികുതിയും ചുങ്കവും കൊടുക്കേണ്ടവർക്ക് അവ കൊടുക്കുക. അവരെ എല്ലാവരെയും ബഹുമാനിക്കുകയും ആദരിക്കുകയും വേണം.

ഈ വാക്യങ്ങളിൽ നിന്നും ഭരണകർത്താക്കളോടുള്ള ഒരു ക്രിസ്തീയ വിശ്വാസിയുടെ മനോഭാവം എന്തായിരിക്കന്നം എന്ന് സംശയത്തിന് ഇടയില്ലാതെ വ്യക്തമാണ്. ഒരു രാജ്യത്തു തിരഞ്ഞെടുക്കപ്പെട്ടതോ, നിയമിതനായതോ ആയ ഭരണാധികാരികളെ ദൈവമാണ് നിയമിച്ചിരിക്കുന്നത്.അവർ ആ അർത്ഥത്തിൽ ദൈവ

ദാസന്മാരാണ്.അവരെ എല്ലാവരെയും ബഹുമാനിക്കുകയും ആദരിക്കുകയും, അനുസരിക്കുകയും വേണം.

ഭരണാധികാരികളെ അനുസരിക്കണം എന്ന് ,മാത്രമല്ല അവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്നും ദൈവ വചനം നമ്മെ ഓർമ്മിപ്പിയ്ക്കുന്നു. 1. തിമൊഥെയൊസ് 2: 2

ഇവിടെ ഭരിക്കുന്നത് ഏതു രാഷ്ട്രീയ പാർട്ടിയാണ് എന്നതോ, എന്ത് പ്രത്യയശാസ്ത്രമാണ് അവരുടേതെന്നോ, അവർ ഏതു മതമോ, ആശയമോ ആണ് അവർ വിശ്വസിക്കുന്നത് ,പ്രചരിപ്പിക്കുന്നത് എന്നതോ വിഷയമല്ല.അവരെ അനുസരിക്കുകയും, ബഹുമാനിക്കുകയും,കീഴടങ്ങുകയും, അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും വേണം എന്ന് ദൈവവചനം ഓർമ്മിപ്പിക്കുന്നു. പൗലോസ് റോമാസഭക്ക് ഇത് എഴുതുമ്പോൾ ചരിത്രത്തിലെ ഏറ്റവും വലിയ ക്രിസ്തീയ പീഡകൻ ആയ നീറോ ചക്രവർത്തിയാണ് റോം ഭരിച്ചിരുന്നത് എന്ന് ഓർക്കുക.

========================================

## സജീവ രാഷ്ട്രീയവും,ക്രിസ്തീയ മാർഗ്ഗവും

========================================

ഒരു ക്രിസ്തീയ വിശ്വാസിക്ക്, ഏതൊരു രാഷ്ട്രീയ പാർട്ടിയെ പിന്തുണക്കുവാനും തന്റെ വോട്ടവകാശം ഏതൊരു പാർട്ടിക്കും വേണ്ടി ഉപയോഗിക്കാൻ സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ ദൈവവേലയും സജീവ സംഘടന രാഷ്ട്രീയപ്രവർത്തനവും വിശ്വാസിക്ക് സാധ്യമാണോ എന്നുള്ളത് ഒരു വ്യത്യസ്തമായ വിഷയം ആണ്.

രാഷ്ട്രീയം അതിൽ തന്നെ തെറ്റായ ഒരു കാര്യമല്ല, അത് രാഷ്ട്രത്തെ സംബന്ധിക്കുന്ന കാര്യങ്ങളിലുള്ള ഇടപെടൽ ആണ്.അത് ക്രിസ്തീയവിശ്വസിക്കു പാടില്ല എന്ന് തീർത്തു പറയുവാൻ കഴിയില്ല. എന്നാൽ ഇന്നുള്ള പാർട്ടി/സംഘടനാ രാഷ്ട്രീയം പൂർണ്ണമായും മലീമസമാണ്. അതിൽ ഇടപെട്ടുകൊണ്ട് ക്രിസ്തീയ സാക്ഷ്യം സൂക്ഷിക്കുവാൻ ഒരു വിശ്വാസിക്ക് അസാധ്യം ആണ്. വെള്ള വസ്ത്രത്തിൽ അഴുക്കുപറ്റാതെ ചെളിക്കുണ്ടു വൃത്തിയാക്കാൻ ശ്രമിക്കുന്നതു പോലെയാകും അത്.

മാത്രമല്ല, പലപ്പോഴും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വക്താക്കൾ ആയി വാദിക്കുന്ന ക്രിസ്തീയ വിശ്വാസികൾക്ക് യഥാർത്ഥത്തിൽ അവർ പ്രതിധാനം ചെയ്യുന്ന പ്രത്യയശാസ്ത്രമോ, ആശയമോ എന്താണ് എന്ന് അറിയില്ല.അതിനാൽ തന്നെ അവർ ക്രിസ്തീയ വിശ്വാസികൾ ആണ് എന്നും കർത്താവിനെ പിന്തുടരുന്നവരാണ് എന്ന് അവകാശപ്പെടുകയും, ഇത്തരം രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചട്ടുകങ്ങൾ ആയി, ചാവേറുകൾ ആയി പ്രവർത്തിക്കുകയും ചെയ്യുന്നു.

പാർട്ടി രാഷ്ട്രീയവും,സുവിശേഷവും ഒരുപോലെ കൊണ്ടുപോകാൻ ശ്രമിക്കുന്ന വ്യക്തികൾ ഉണ്ട്. എന്നാൽ എല്ലാ തരത്തിലുള്ള മൗലികതയും, ധാർമികതയും നഷ്ടപ്പെടുത്തിക്കൊണ്ടാണ് ഇന്നുള്ള ഒട്ടു മിക്ക രാഷ്ട്രീയ പാർട്ടികളും പ്രവർത്തിക്കുന്നത്. അതിനാൽ ക്രൈസ്തവമൂല്യങ്ങൾ നഷ്ടപ്പെടുത്താതെ ഇന്നുള്ള പാർട്ടിരാഷ്ട്രീയത്തിൽ സജീവമായി ഇടപെടാൻ അസാധ്യമാണ്.രാഷ്ട്രീയത്തിലെ ഇത്തരത്തിലുള്ള മലിനതകളിൽ മുഴുകിയിട്ടു,ക്രിസ്തുവിന്റെ സുവിശേഷം പറയുന്നത് വ്യ

ത്തിയില്ലാത്ത,ദുർഗന്ധമുള്ള കൈ കൊണ്ട് ഭക്ഷണം വിളമ്പുന്നത് പോലെയിരിക്കും. ഭക്ഷണം നല്ലതായിരിക്കും എന്നാൽ ആളുകൾക്ക് ദുർഗന്ധം മനസ്സിലാക്കുവാൻ കഴിയും.സഭാരാഷ്ട്രീയത്തിൽ മുഴുകിയിട്ടു, സുവിശേഷം പറയുന്നതും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തം അല്ല എന്ന് സാന്ദർഭികമായി ഓർമ്മിപ്പിക്കുന്നു.

എന്നാൽ ദുർഗന്ധത്തിന്റെ പ്രശ്നം , നമ്മിലേതു നമുക്ക് ഒരിക്കലും തിരിച്ചറിയാൻ കഴിയില്ല, എന്നാൽ മറ്റുള്ളവർക്ക് അറിയാൻ കഴിയും. പാപത്തിലും, പാർട്ടി, സഭാരാഷ്ട്രീയത്തിലും മുങ്ങുന്ന 'വിശ്വാസികൾക്ക്' തങ്ങളിൽ നിന്നും വരുന്ന ദുർഗന്ധം തിരിച്ചറിയാൻ പോലും പറ്റാത്തത് അത് കൊണ്ടാണ്.

==========================================

## കമ്മ്യൂണിസം ഒരു ലഘു ചരിത്രം

==========================================

വിഷയത്തിലേക്കു മടങ്ങി വരട്ടെ , ഈ അടുത്ത കാലത്തായി ക്രിസ്തീയ മാർഗ്ഗവും കമ്മ്യൂണിസവും ഒരേ ലക്ഷ്യമാണ് മുന്നോട്ടു വക്കുന്നത് എന്നും , ആദിമ ദൈവസഭയുടെ മാതൃകയാണ് കമ്മ്യൂണിസത്തിന്റേതു എന്നും , എന്തിനധികം ക്രിസ്തുവും അപ്പോസ്തോലന്മാരും വരെ കമ്മ്യൂണിസ്റ്റുകാർ ആയിരുന്നു എന്നും ചില ക്രിസ്തീയ പുരോഹിതന്മാർ വരെ പറയുന്നത് കേൾക്കാൻ ഇടയായി. ഇത്തരത്തിൽ ഉള്ള ചില ലേഖനങ്ങളും വായിക്കാൻ ഇടയായി.

കമ്മ്യൂണിസത്തിന്റെയോ,ക്രിസ്തീയ വിശ്വാസത്തിന്റെയോ അടിസ്ഥാന പ്രമാണങ്ങളെക്കുറിച്ചെങ്കിലും ബോധ്യമുള്ളവർ ഇത് മുഖവിലയ്ക്ക് എടുക്കില്ല എങ്കിലും

ചിലരെങ്കിലും ഇത്തരം പ്രചാരണങ്ങളിൽ തെറ്റിദ്ധരിക്കപ്പെടാൻ ഇടയുണ്ട്. അതിനാൽ അത് തുറന്നു കാട്ടേണ്ടത് ഒരു ക്രിസ്തീയ വിശ്വാസിയുടെ കടമയുമാണ് .അതിനാൽ ആണ് ഈ ലേഖനത്തിൽ ക്രിസ്തീയ വിശ്വാസവും, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും എന്നത് പഠന വിഷയം ആക്കുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചിന്തകന്മാരിലെ ഒരു പ്രമുഖ വ്യക്തിത്വമായിരുന്നു മാർക്സിയൻ തത്ത്വശാസ്ത്രത്തിന്റെ ശില്പിയായി അറിയപ്പെടുന്ന കാൾ മാർക്സ്. ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഇന്നു പിന്തുടർന്നുവരുന്ന കാഴ്ചപ്പാടുകളുടെ ഒരു പ്രധാന അടിത്തറ ഇദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളാണ്.

മാർക്സ് തന്റെ അടുത്ത സുഹൃത്തും ബുദ്ധിജീവിയുമായ എംഗൽസിനേയും സഹായത്തിനു കൂട്ടുചേർത്ത് തയാറാക്കിയ മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ആധികാരിക മാർഗ്ഗനിർദ്ദേശ രേഖ.

ക്രിസ്തുവിനു ശേഷം ഉണ്ടായ എല്ലാ തത്വചിന്തകളിലും, ക്രിസ്തുവിന്റെ ചില ഉപദേശങ്ങളുടെ സ്വാധീനം കാണുവാൻ കഴിയും, മാർക്സിന്റെ ക്രൈസ്തവ പശ്ചാത്തലലവും ഇത്തരത്തിൽ അദ്ദേഹത്തിന്റെ ചിന്തകളെ ചിലപ്പോൾ സ്വാധീനിച്ചിരിക്കാം.അതിനാൽ തന്നെ പീഡിതവർഗ്ഗത്തോടുള്ള ക്രിസ്തുവിന്റെ സഹാനുഭൂതിയും, അവരെ ചൂഷണം ചെയ്യുന്ന പുരോഹിത മത മേധാവിത്വത്തോടുള്ള എതിർപ്പും മാർക്സിയൻ ചിന്താഗതിയിലും കാണുവാൻ കഴിയും.

എന്നാൽ ഇത്തരം ചില സാമ്യങ്ങൾ ഒഴിച്ചാൽ അടിസ്ഥാനപരമായി മാർക്സിസ്റ്റ്/കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും വിരുദ്ധധ്രുവങ്ങളിൽ ഉള്ള രണ്ടു ആശയങ്ങൾ ആണ്.

കമ്മ്യൂണിസ്റ്റ് , മാർക്സിസ്റ് പ്രസ്ഥാങ്ങളുടെ അടിസ്ഥാനം വൈരുദ്ധ്യാത്മക ഭൗതികവാദം എന്ന പ്രത്യയശാസ്ത്രം (dialectical materialism) ആണ്. രക്തരൂക്ഷിത വിപ്ലവത്തിലൂടെ ഭൂമിയിൽ സമത്വസുന്ദരമായ ഭരണക്രമം കൊണ്ട് വരാൻ കഴിയും എന്നാണ് അവരുടെ ആശയം

വിപ്ലവത്തിലൂടെ മുതലാളിത്തത്തെ പാടെ പുറത്താക്കി രാഷ്ട്രത്തിന്റെയും സമ്പദ്വ്യവസ്ഥയെടെയും ഉല്പാദനമാർഗ്ഗങ്ങളുടെയും പരിപൂർണ്ണ നിയന്ത്രണം തൊഴിലാളി സമൂഹം ഏറ്റെടുക്കുക, ഇതിലൂടെ തൊഴിലാളിവർഗ്ഗം സർവ്വാധിപത്യം പുലർത്തുന്ന ലോക ക്രമം സ്ഥാപിച്ചെടുക്കുക എന്ന മാർക്സിയൻ ദർശനമായിരുന്നു കമ്യൂണിസം.

ശത്രുവിനോട് പ്രതികാരം ചെയ്യരുത് എന്നും, ക്ഷമിക്കണം, സ്നേഹിക്കണം അന്നും, എന്റെ രാജ്യം ഐഹീകം അല്ല എന്നും, വാളെടുക്കുന്നവൻ വാളാൽ നശിക്കും എന്നും പഠിപ്പിച്ച, ആത്മീയ ദൈവരാജ്യം വിഭാവനം ചെയ്യുന്ന, ആക്ഷരികമായ ദൈവരാജ്യം ഭാവിയിൽ ഉണ്ടാകും എന്ന് വിശ്വസിക്കുന്ന ക്രിസ്തീയ വിശ്വാസവും, കമ്മ്യൂണിസവും അടിസ്ഥാനപരമായി തന്നെ അതിനാൽ വിരുദ്ധ ധ്രുവങ്ങളിൽ ആണ്.

ഒരു പ്രത്യയശാത്രത്തെയോ, മാർഗ്ഗത്തെയോ മനസ്സിലാക്കേണ്ടത് അതിന്റെ സ്ഥാപകനേതാക്കളുടെ വാക്കുകളിൽ നിന്നും രചനകളിൽ നിന്നുമാണ്. അല്ലാതെ കീഴേത്തട്ടിലുള്ള പുതുനാമ്പുകളുടെ  വാക്കിലും പ്രവർത്തിയിലും നിന്നല്ല. ഉദാഹരണത്തിന് ക്രിസ്തീയ ഉപദേശം മനസ്സിലാക്കേണ്ടത് ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നിന്നും മാർക്സിസം മനസ്സിലാക്കേണ്ടത് കാറൽമാര്ക്സിനെയും ലെനിനെയും പോലുള്ള  നേതാക്കളുടെ വാക്കുകളിൽ നിന്നുമാണ്.

=========================================

**കമ്മ്യൂണിസവും, ദൈവവിശ്വാസവും നേതാക്കളുടെ വാക്കുകളിൽ**

=========================================

കമ്മ്യൂണിസ്റ്റ് , മാർക്സിസ്റ് പ്രസ്ഥാനങ്ങളുടെ സ്ഥാപകനേതാക്കളുടെയും അമരക്കാരായി ഇരുന്നവരുടെയും ( കാറൽ മാർക്സ്  മുതൽ  വി എസ് അച്യുതാനന്ദൻ  വരെ ) ചില പ്രസ്താവനകൾ  കൊടുക്കുന്നു.

(1) നാം മതത്തിനെതിരെ പോരാടണം; അതിനു വേണ്ടി വിശ്വാസത്തിന്റെയും മതത്തിന്റെയും പ്രഭവകേന്ദ്രത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ഭൗതികശാസ്ത്ര രീതി വിശദീകരിക്കണം '

On religion' (മതത്തെ പറ്റി)" കാറൽ മാർക്സ്. കോഴിക്കോട് പ്രോഗ്രസ് പബ്ലിക്കേഷൻ, പുറം 136

(2) ഇ.എം.എസ് നമ്പൂതിരിപ്പാട് : "മാർക്സിസം ഭൗതികവാദമാണ്. അത് വിട്ടുവീഴ്ചയില്ലാതെ മത്തി

നെതിരാണ്. ഇത് തർക്കമറ്റ കാര്യമാണ്. നാം മതത്തോട് ഏറ്റുമുട്ടണം. എങ്ങിനെ ഏറ്റുമുട്ടണമെന്ന് നമുക്ക് അറിഞ്ഞിരിക്കണം. മതത്തിന്റെ സാമൂഹ്യ വേരുകൾ പിഴുതുകളയലാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം."

ഇ.എം.എസ്, സാംസ്കാരികവിപ്ലവം മതം മാർക്സിസം, ചിന്ത പബ്ലിക്കേഷൻസ്, പുറം 59

(3) എന്താണ് ദൈവവിശ്വാസത്തോടുള്ള മാർക്സിസത്തിന്റെ നിലപാട്? ലെനിൻ: "വൈരുധ്യാത്മക ഭൗതികവാദം പരിപൂർണമായും നിരീശ്വരവാദപരമാണ്. ക്രിയാപരമായി തന്നെ എല്ലാ മതങ്ങൾക്കും എതിരാണത്."

മതത്തെപറ്റി, പുറം 131.

(4) ലെനിൻ:" നാം ദൈവവുമായി മല്ലിടും. അത്യുന്നത സ്വർഗത്തിൽ വെച്ച് അവനെ നാം കീഴടക്കും. അവൻ അഭയം തേടുന്നിടത്തെല്ലാം ചെന്നു നാം അവനെ ശാശ്വതമായി നിഗ്രഹിക്കും"

ഇന്ത്യൻ നിരീശ്വരവാദം, ചിന്ത, 2006, പുറം 6.

(5) ദേബി പ്രസാദ് ചതോപാധ്യായ" മാർക്സിസം ദൃഢമായ നിരീശ്വരവാദത്തിന്റെഒരു രൂപം".

കാറൽ മാർക്സ് ; ഈശ്വര ആശയത്തെ അതിക്രമിച്ച് വളരാനുള്ള ശരിയായ മാർഗമേതെന്ന് കാണിച്ചു തന്ന ആദ്യത്തെ ദാർശനികൻ"

ഇന്ത്യൻ നിരീശ്വരവാദം, ചിന്ത, 2006 പുറം 267.

(5) നാം മതത്തോട് ഏറ്റമുട്ടണം. എങ്ങിനെ ഏറ്റുമുട്ടണമെന്ന് നമുക്ക് അറിഞ്ഞിരിക്കണം. മതത്തിന്റെ സാമൂഹ്യവേരുകൾ പിഴുതുകളയലാണ് ഈ പ്രവർത്തനത്തിന്റെഉദ്ദേശ്യം"

ഇ.എം.എസ്, സാംസ്കാരികവിപ്ലവം മതം–മാർക്സിസം , പുറം 59.

(6) വി എസ് അച്യുതാനന്ദൻ:" ഏത് മാർക്സിസ്റ്റ് പാർട്ടിയും ആധാരമാക്കുന്നത് വൈരുധ്യാതിഷ്ഠിത ഭൗതികതയാണ്. ഈശ്വരനില്ലാത്തത് കൊണ്ട് വ്യക്തികൾക്ക് ഈശ്വരവിശ്വാസം ആവശ്യമില്ലെന്നാണ് ആ ദർശനത്തിന്റെകണ്ടെത്തൽ. അതിനു വേണ്ടിയാണ് കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിക്കുന്നത്. അതിനാൽ അതിലെ അംഗങ്ങൾ മതവിശ്വാസികളാവരുത്."

(ചിന്ത വാരിക, 2004 ജൂൺ)

ബ്രിട്ടീഷ് വിരുദ്ധവിപ്ലവ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന ഭഗത് സിംഗ് നിരീശ്വരവാദിയായിത്തീർന്നത് വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെയും മാർക്സിസ്റ്റ് ലെനിനിസ്റ്റ് സാഹിത്യങ്ങളുടെയും സ്വാധീന ഫലമായാണെന്ന് അദ്ദേഹത്തിന്റെ കമ്യൂണിസ്റ്റ് ജീവചരിത്രകാരൻ വിവരിക്കുന്നത്

Shaheed-E-Azam Bhagat Singh, A Students Pletge Publication, Calcutta

ഇഎംഎസ് : ദാർശനികതലത്തിൽ ഉത്തരദക്ഷിണ ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ടാശയഗതികളാണ് ദൈവവിശ്വാസവും കമ്മ്യൂണിസവും"(12)

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2005 മാർച്ച് 27-ഏപ്രിൽ 2.

ഇത്രയും ഉദ്ധരണികൾ കൊടുത്തതു കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികൻ ആയ ഇ.എം.എസ് തന്നെ പറയുന്നത് പോലെ തന്നെ കമ്മ്യൂണിസ്റ്റ് / മാർക്സിസ്റ് പ്രത്യയശാസ്ത്രവും , ക്രിസ്തീയവിശ്വാസവും ഒരിക്കലും ഒരുമിച്ചു പോകാത്ത വിപരീത ധ്രുവങ്ങളിൽ ഉള്ളതാണെന്ന് വ്യക്തമാക്കുവാനാണ്. ആശയപരമായി നിരീശ്വരവാദം തന്നെയാണ് കമ്മ്യൂണിസത്തിന്റെ അടിത്തറ.

========================================

## ഇന്ത്യൻ കമ്മ്യൂണിസം, കേരള കമ്മ്യൂണിസം, മത പ്രീണന നയങ്ങൾ

========================================

നമ്മൾ ഇത് വരെ ചിന്തിച്ചത് കമ്മ്യൂണിസത്തിന്റെ യഥാർത്ഥ പ്രത്യയശാസ്ത്രത്തെകുറിച്ചാണ്. എന്നാൽ ഇന്ത്യയിലും , പ്രത്യേകിച്ച് കേരളത്തിലും ഇന്ന് കാണുന്ന കമ്യൂണിസത്തിന് അതിന്റെ മൗലിക നിലപാടുകളിൽ നിന്നും വളരെ വ്യത്യാസം ഉണ്ട്.

അതിനു കാരണം, ഇന്ത്യയിലെയും, കേരളത്തിലെയും മത, രാഷ്ട്രീയ സാഹചര്യമാണ്.പൂർണ്ണമായും കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രായോഗികം ആക്കുവാൻ പറ്റാത്ത സ്ഥലങ്ങളിലും, സാഹചര്യങ്ങളിലും അധികാരത്തിനു വേണ്ടി മത / വർഗീയ / തീവ്രവാദ പാർട്ടികളോടും, പ്രസ്ഥാനങ്ങളോടും നീക്കുപോക്കുകളും, മത പ്രീണന നയങ്ങളും നേതാക്കൾ സ്വീകരിക്കാറുണ്ട്. ദൈവവിശ്വാസത്തോടും, വിശ്വാസികളോടും മൃദുസമീപനവും സ്വീകരിക്കാറുണ്ട്.

ഇന്ത്യയെ പോലുള്ള , മതവും, വർഗീയതയും വളരെയധികം വേരിറങ്ങിയിട്ടുള്ള ഒരു ജനതയിൽ കമ്മ്യൂണിസം അതിന്റെ യഥാർത്ഥ രൂപത്തിൽ പ്രായോഗികം ആക്കുക അസാധ്യമാണ്. അപ്രകാരം ഉള്ള ശ്രമങ്ങൾ ഇന്ത്യയിൽ കമ്മ്യൂണിസത്തിന്റെ തന്നെ വേരറുക്കുവാനും , വർഗീയ ശക്തികളുടെ വളർച്ചക്ക് കാരണമാകുകയും ചെയ്യും എന്ന് വൈകി തിരിച്ചറിഞ്ഞതിനാൽ. ഇന്ത്യയിലും കേരത്തിലും കമ്മ്യൂണിസം അതിന്റെ യഥാർത്ഥ രൂപത്തിൽ അല്ല ഇപ്പോൾ അവതരിക്കപ്പെടുന്നത്.

എന്നാൽ ആദ്യകാലങ്ങളിൽ അങ്ങനയായിരുന്നില്ല. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ആദ്യസമയങ്ങളിൽ പാർട്ടി അംഗങ്ങൾക്ക് പള്ളികളിലോ, അമ്പലങ്ങളിലോ വിവാഹം കഴിക്കാൻ പോലും അനുവാദം ഉണ്ടായിരുന്നില്ല എന്ന് ചരിത്രം അറിയാവുന്നവർ മറക്കില്ല. എന്നാൽ ഇന്ന് സ്ഥിതി വ്യത്യസ്തം ആണ്. കമ്മ്യൂണിസ്റ്റ് പാർട്ടി , ബാക്കി എല്ലാ രാഷ്ട്രീയ പാർട്ടികളെയും പോലെ മത സംഘടനകളോടും എന്തിനേറെ തീവ്രവാദ പ്രസ്ഥാനങ്ങളോട് പോലും പ്രീണനനയം ആന്നു സ്വീകരിച്ചിരിക്കുന്നത്.അമ്പലങ്ങളും,അരമനകളും, മോസ്കുകളും കയറി ഇറങ്ങുന്ന കമ്മ്യൂണിസ്റ്റ്

നേതാക്കൾ ഇപ്പോൾ പുതുമയുള്ള കാഴ്ചയല്ല, തീവ്രവാദ നേതാക്കളോട് പോലും വേദി പങ്കിടാൻ കമ്മ്യൂണിസ്റ്റ് നേതാക്കൾ ഇന്ന് തയ്യാർ ആണ്.

കേരളത്തിലെ ഇന്നത്തെ പ്രത്യേക വർഗീയ, സാമുദായിക സാഹചര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും വർഗീയ പ്രീണനനയമാണ് സ്വീകരിക്കുന്നത്, എന്നാൽ നിരീശ്വരവാദത്തിലും വൈരുധ്യാതിഷ്ഠിത ഭൌതിക വാദത്തിലും അടിസ്ഥാനപ്പെട്ട ഒരു രാഷ്ട്രീയ പ്രസ്ഥാനനം അധികാരത്തിന് വേണ്ടി വർഗീയ / മതതീവ്രവാദ പ്രസ്ഥാനങ്ങളോട് വരെ കൂട്ടുചെരുന്നതിലെ വൈരുധ്യം ആണ് ചൂണ്ടിക്കാണിക്കുവാൻ ശ്രമിച്ചത്.

എന്നാൽ അത് അധികാരത്തിനു വേണ്ടിയുള്ള അടവ് നയവും , വോട്ടു രാഷ്ട്രീയവും മാത്രമാണ്. നേതാക്കൾക്ക് ഇത് അറിയാം എങ്കിലും അവരുടെ ചട്ടുകങ്ങൾ ആയി പ്രവർത്തിക്കുന്ന പാവം അണികൾക്ക് അതറിയില്ല.അറിയാൻ നേതാക്കൾ അനുവദിക്കുകയും ഇല്ല.

എന്നാൽ കമ്മ്യൂണിസം പൂർണ്ണ രൂപത്തിൽ അധിപധ്യം നടത്തിയിടത്തൊക്കെ ക്രിസ്തീയ വിശ്വാസികൾ അവരുടെ വിശ്വാസത്തിന്റെപേരിൽ കഠിനമായ പീഡനങ്ങളിൽ കൂടി കടന്നു പോയിട്ടുണ്ട്. റഷ്യയും, ചൈനയും, റുമേനിയായും ഒക്കെ അതിനുള്ള ഉദാഹരണങ്ങൾ ആണ്.

നീണ്ട ഇരുപതു വരഷത്തോളം റുമേനിയയിൽ ക്രിസ്തീയവിശ്വാസത്തിന്റെകാരണത്താൽ കമ്മ്യൂണിസ്റ്റ് ഭരണകൂടത്താൽ കഠിനമായി പീഢിക്കപ്പെട്ട ഇരുപതാം നൂറ്റാ

ണ്ടിലെ ജീവിച്ചിരുന്ന രക്തസാക്ഷിയായ റിച്ചാർഡ് വും ബ്രാണ്ടിന്റെവാക്കുകൾ ഇപ്രകാരണമാണ്.

'Sin must be called by its name. Communism is one of the most dangerous sins in the world today. Every gospel that does not denounce it is not the pure gospel. The Underground Church denounces it, risking liberty and life. The less have we to be silent in the West.'

'പാപത്തെ അതിന്റെപേരിൽ വിളിക്കണം. ഇന്നത്തെ ലോകത്തിലെ ഏറ്റവും അപകടകരമായ പാപങ്ങളി ലൊന്നാണ് കമ്മ്യൂണിസം. അതിനെ അപലപിക്കാത്ത ഓരോ സുവിശേഷവും ശുദ്ധമായ സുവിശേഷമല്ല. പീഡിപ്പിക്കപ്പെടുന്ന സഭ സ്വാതന്ത്ര്യത്തെയും ജീവിത ത്തെയും അപകടത്തിലാക്കിക്കൊണ്ടു തന്നെ അതിനെ അപലപിക്കുന്നു, പടിഞ്ഞാറൻ രാജ്യങ്ങളിൽ നാം എന്തിനു നിശബ്ദനായിരിക്കണം.'

'I have decided to denounce communism, though I love the Communists. I don't find it to be right to preach the gospel without denouncing communism'

'ഞാൻ കമ്മ്യൂണിസ്റ്റുകളെ സ്നേഹിക്കുന്നുണ്ടെങ്കിലും കമ്മ്യൂണിസത്തെ അപലപിക്കാൻ നിശ്ചയിച്ചിരിക്കു ന്നു. കമ്മ്യൂണിസത്തെ അപലപിക്കാതെ സത്യ സുവി ശേഷം പ്രസംഗിക്കുന്നത് ശരിയാണെന്ന് ഞാൻ കരുതു ന്നില്ല'

അമേരിക്കൻ മനുഷ്യാവകാശ പ്രവർത്തകനും രക്ത സാക്ഷിയുമായ മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറുടേതാ യ ഒരു ശ്രദ്ധേയമായ പ്രസ്താവന ഇപ്രകാരമാണ്. "ഒരു യഥാർത്ഥ ക്രൈസ്തവന് യഥാർത്ഥ കമ്യൂണിസ്റ്റ് ആയിരി ക്കുവാനോ യഥാർത്ഥ കമ്യൂണിസ്റ്റിന് യഥാർത്ഥ ക്രൈ സ്തവനായാരിക്കുവാനോ കഴിയില്ല". എന്നാൽ ഈ യാഥാ ർത്ഥ്യം മനസ്സിലാക്കിയ ക്രൈസ്തവർ വള രെ കുറവാണ്.

ചുരുക്കത്തിൽ യഥാർത്ഥമായി കമ്മ്യൂണിസ്റ്റ് / മാർക്സി സ്റ്റു ആശയങ്ങൾ മനസിസിലാക്കി പിന്തുടരുന്ന ഒരു വ്യക്തിക്ക് യഥാർത്ഥ ക്രിസ്തുശിഷ്യനോ, യഥാർത്ഥമാ യി ക്രിസ്തുവിനെ പിൻഗമിക്കുന്ന വ്യക്തിക്ക് യഥാർത്ഥ കമ്മ്യൂണിസ്റ്റ്കാരനോ ആകാൻ കഴിയില്ല എന്നതാണ് പച്ചയായ യാഥാർഥ്യം.

അതിനാൽ യഥാർത്ഥമായി കമ്മ്യൂണിസ്റ്റ്കാരൻ ആണ് എന്നും അതെ സമയം കർത്താവിനെ യഥാർത്ഥമായി പിന്തുടരുന്നു എന്നും അവകാശപ്പെടുന്ന വ്യക്തികൾ ഒന്നുകിൽ കള്ളമാണ് പറയുന്നത്. അല്ലെങ്കിൽ അവർ യഥാർത്ഥമായി കമ്മ്യൂണിസമോ ക്രിസ്തുമാർഗ്ഗമോ എന്താണ് എന്ന് മനസ്സിലാക്കിയിട്ടില്ല. ചിലപ്പോൾ അവർ രണ്ടും മനസ്സിലാക്കാതെ; രാഷ്ട്രീയ പാർട്ടികളുടെ ചാ വേറുകൾ ആയി, ചട്ടുകങ്ങൾ ആയി പ്രവർത്തിക്കുന്ന വർ ആകാം.

കമ്യൂണിസ്റ്റിനെ സംബന്ധിച്ചിടത്തോളം ദൈവിക ഭര ണവ്യവസ്ഥകളോ ധാർമികക്രമങ്ങളോ നിതാന്ത ആ ത്മീയ ലക്ഷ്യങ്ങളോ ഇല്ല. ലെനിൻ പറഞ്ഞതായി രേഖ പ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "കബളിപ്പിക്ക ൽ, വഞ്ചന, നിയമലംഘനം, സത്യത്തെ മറച്ചു വയ്ക്കൽ,

എന്നിവ ചെയ്യാൻ നമ്മൾ തയാറായിരിക്ക ണം" (Question People Ask - RJ McCraken, Page 168).

അതിനാൽ തന്നെയാണ് അധികാരത്തിന് വേണ്ടി മത പ്രീണനവും അടവു നയങ്ങളും എല്ലാ രാഷ്ട്രീയ പാർട്ടി കളെയും പോലെ അവരും പിന്തുടരുന്നത്.

=========================================

## കമ്മ്യൂണിസവും, കേവല നിരീശ്വരവാദവും തമ്മിലു ള്ള വ്യത്യാസം

=========================================

കമ്മ്യൂണിസം ആശയപരമായി നിരീശ്വരവാദമാണ് മുൻപോട്ടു വക്കുന്നത് എങ്കിലും കമ്മ്യൂണിസത്തിനും കേവല നിരീശ്വര വാദത്തിനും തമ്മിൽ ചില വ്യത്യാസ സങ്ങളുണ്ട്

നിരീശ്വരവാദികളുടെ പ്രമാണം കേവലയുക്തിയാണ്. അവർക്ക് സ്വന്തമായി ഒരു പ്രത്യയശാസ്ത്രമോ മൂല്യ ക്രമമോ, സൈദ്ധാന്തിക ചട്ടക്കൂടോ ,വ്യക്തമായ ലക്ഷ്യ ങ്ങളോ, സൈദ്ധാന്തിക ആചാര്യനോ ഒന്നുമില്ല. എന്നാ ൽ മാർക്സിസത്തിന്റെസ്ഥിതി അതല്ല. ഒരു യഥാർത്ഥ മാർക്സിസ്റ്റ് ഏതൊരു യുക്തിവാദിയെയും പോലെത്ത ന്നെ ദൈവനിഷേധിയും ഭൗതികവാദിയുമാണ് എങ്കി ലും മാർക്സിസത്തിനു ഒരു സൈദ്ധാന്തിക അടിത്തറ യും പ്രത്യയശാസ്ത്രവും വ്യക്തമായ ലക്ഷ്യങ്ങളുമുണ്ട്. ആത്യന്തിയകമായി ഒരു സമത്വസുന്ദര ലോകം ആണ് അവരുടെ ലക്ഷ്യം. അതിനാൽ തന്നെ കേവല നിരീശ്വ ര വാദത്തേക്കാൾ ആകർഷകം ആണ് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം.

ഇന്ത്യ മഹാരാജ്യത്തു ഏതു മതത്തിലും , പ്രത്യയ ശാസ്ത്രത്തിലും, രാഷ്ട്രീയ പാർട്ടിയിലും, വിശ്വസിക്കുവാനും, ദൈവവിശ്വാസം ഉള്ളവരായോ , ഇല്ലാതയോ ജീവിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്.

ക്രിസ്തീയ കാഴ്ചപ്പാടിൽ നാം എല്ലാവരെയും അവരുടെ വിശ്വാസമോ, പ്രത്യയശാസ്ത്രമോ നോക്കാതെ സ്നേഹിക്കണം എന്നും സഹായിക്കേണം എന്നും ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. റിച്ചാർഡ് വുംബ്രാണ്ടിന്റെ വാക്കുകൾ വീണ്ടും ആവർത്തിക്കുന്നു.

'Jesus loved the Pharisees, although He denounced them publicly. And I love the Communists, although I denounce them.'

'യേശു ക്രിസ്തു പരീശന്മാരെ പരസ്യമായി അപലപിച്ചെങ്കിലും അവരെ സ്നേഹിച്ചു. കമ്മ്യൂണിസത്തെ ഞാൻ അപലപിക്കുമ്പോൾ തന്നെ കമ്മ്യൂണിസ്റ്റ്കാരേയും ഞാൻ സ്നേഹിക്കുന്നു.'

അതിനാൽ ലേഖനത്തിന്റെ ആദ്യഭാഗത്തു പറഞ്ഞത് പോലെ തന്നെ ദൈവനിയമിതമായ ഭരണകൂടത്തെയും, ഭരണകർത്താക്കളെയും ഏതു രാഷ്ട്രീയ പാർട്ടിയാണ് എന്നതോ, എന്ത് പ്രത്യയശാസ്ത്രമാണ് എന്നോ വ്യത്യാസം ഇല്ലാതെ ക്രിസ്തീയ വിശ്വാസികൾ ബഹുമാനിക്കുകയും, കീഴടങ്ങിയിരിക്കുകയും, അനുസരിക്കുകയും ചെയ്യണം.എല്ലാ മനുഷ്യരെയും ജാതി, മത, വർഗ്ഗ, വർണ്ണ,രാഷ്ട്രീയ വ്യത്യസം ഇല്ലാതെ നാം സ്നേഹിക്കണം, സഹായിക്കേണം.

ഈ ലേഖനത്തിന്റെ ഉദ്ദേശം കമ്മ്യൂണിസ്റ്റ് , മാർക്സിസ്റ്റ് പ്രത്യയ ശാസ്ത്രത്തെ ഇകഴ്ത്തുകയോ, കമ്മ്യൂണിസ്റ്റ്

നേതാക്കളെ താഴ്ത്തിക്കാണിക്കുകയോ എന്നുള്ളതല്ല. എന്റെ വ്യക്തിപരമായ ബോധ്യത്തിൽ, ഇന്നുള്ള നേതാക്കളിൽ നിന്നും വ്യത്യസ്ഥരായി പല ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളും ജീവിത മാതൃകയുള്ളവരും,മാതൃക കുടുംബം ഉള്ളവരും, തങ്ങൾ വിശ്വസിക്കുന്ന ആശയങ്ങൾക്കും ലക്ഷ്യങ്ങൾക്കും വേണ്ടി(തെറ്റോ ശരിയോ )ത്യാഗപൂർണ്ണമായ ജീവിതം നയിച്ചവരും,നിസ്വാർത്ഥരും ആയിരുന്നു.

എന്നാൽ ക്രിസ്തീയ വിശ്വാസത്തിന്റെവിരുദ്ധ ധ്രുവങ്ങളിൽ ഉള്ള പ്രത്യയ ശാസ്ത്രങ്ങളെയും കർത്താവിനെയും ഒരുപോലെ പിന്തുടരുവാൻ ഒരിക്കലും ഒരുവനും കഴിയില്ല എന്നത് നാം വ്യക്തമായും മനസ്സിലാക്കണം.

========================================

## മാനുഷിക ഭരണകൂടങ്ങൾ ദൈവീക ദൃഷ്ടിയിൽ

========================================

കമ്മ്യൂണിസ്റ്റ് പാർട്ടി, ഇന്നുള്ള ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയേക്കാൾ മോശമാണ് എന്ന് ഈ എഴുതിയത് കൊണ്ട് അർത്ഥമാക്കുന്നില്ല.വ്യക്തിപരമായി എനിക്ക് ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തോടു പ്രത്യേക മമതയോ, വിരോധമോ ഇല്ല. ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനം സമത്വസുന്ദര ഭരണം കൊണ്ടുവരും എന്നും വിശ്വസിക്കുന്നുമില്ല.

ഭൂമിയിലെ ഏതു മാനുഷിക ഭരണകൂടത്തെയും, രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും ദൈവം കാണുന്നത് ദുഷ്ടമൃഗങ്ങൾ ആയിട്ടാണ്. അതിനാൽ ആണ് ദൈവദാസന്മാരായ ദാനിയേലിനെയും, യോഹന്നാനെയും ദൈവം ഭരണകൂടങ്ങളെ കാണിക്കുമ്പോൾ അവയെ ദുഷ്ടമൃഗ

ങ്ങളായി കാണിക്കുന്നത്. എന്നാൽ ജഡീകനായ നെബുക്കദ്നേസർ കാണുമ്പൊൾ ഇവയെല്ലാം തങ്കം, സ്വർണ്ണം പോലെയുള്ള വിലപിടിപ്പുള്ള ലോഹങ്ങൾ ആയി കാണുന്നു. ഇതാണ് ജഡീകനും , ആത്മീയനും തമ്മിലുള്ള കാഴ്ചപ്പാടിന്റെ വ്യത്യാസം

അതിനാൽ കോൺഗ്രസ്സോ, കമ്മ്യൂണിസ്റ്റ് പാർട്ടിയോ , ഭാരതീയ ജനതാ പാർട്ടിയോ തമ്മിൽ ഒരു ക്രിസ്തീയ വിശ്വാസിക്ക് ഇന്ന് തിരഞ്ഞെടുക്കലിനുള്ള സാധ്യത താരതമ്യേന കൂടുതൽ വിലപിടിപ്പുള്ള ലോഹം തിര ഞ്ഞെടുക്കുകയല്ല, താരതമ്യേന കുറവുള്ള ദുഷ്ടത ( lesser Evil ) തിരഞ്ഞെടുക്കുക എന്നതാണ്. അത്തരം തിരഞ്ഞെടുപ്പുകൾ വ്യക്തിപരവും ,ആപേക്ഷികവുമാണ്.

ലോകത്തിലെ കാര്യങ്ങൾ കൂടുതൽ ദുർഘടം ആകും എന്നും, കൂടുതൽ അധമനായ ഒരു മൃഗം ലോകത്തിൽ അധികാരം ഏൽക്കും എന്നും  എന്നാൽ ഒരിക്കൽ ആധിപത്വം  കർത്താവിന്റെ തോളിൽ ആകും ( Government will be on His Shoulders )  എന്നും അന്ന് മാത്രമേ സമത്വസുന്ദരമായ ഒരു ഭരണം ഉണ്ടാകുകയുള്ളൂ എന്നതാണ് ക്രിസ്തീയ പ്രത്യാശ. (യശയ്യാവ് 9:6  ദാനിയേൽ 2:44; സെഖര്യാവ്  14:9)

അന്ന് വരെയുള്ള എല്ലാ മാനുഷിക ഭരണകൂടങ്ങളെയും, അത് എത്ര ദുഷ്ടർ ആണ് എങ്കിലും അതിനെ ബഹുമാനിക്കണം എന്നും, അതിനു കീഴടങ്ങണം എന്നും ദൈവവചനം പഠിപ്പിക്കുന്നു.

എന്നാൽ ഈ ലേഖനത്തിൽ പറയാൻ ശ്രമിച്ചത് ക്രിസ്തീയ വിശ്വാസവും. അതിനു നേർവിപരീതമായ പ്രത്യയ ശാസ്ത്രങ്ങളും ഒരു പോലെ പിന്തുടരുവാൻ ശ്രമിക്കുന്നതിലെ നിരർത്ഥതയെക്കുറിച്ചും, സജീവരാഷ്ട്രീയവും, ദൈവവേലയും ഒരുമിച്ചു കൊണ്ടു പോകാൻ ശ്രമിക്കുന്നതിലെ മൗഢ്യതയെക്കുറിച്ചുമാണ്.അങ്ങനെ ചെയ്യുവാൻ ശ്രമിക്കുന്നവർക്കു ഇതിൽ ഒന്നിനോടും ആത്മാർത്ഥമായ സമീപനം സാധ്യമല്ല. അങ്ങനെ ചെയ്യാൻ ശ്രമിക്കുന്നതിലും നല്ലതു ഇതിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുയാണ്.

മത്തായി 6: 24 രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്ത നോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും

1. രാജാക്കന്മാർ 18: 21അപ്പോൾ ഏലീയാവു അടുത്തു ചെന്നു സർവ്വജനത്തോടും: നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽവെക്കും? യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ എന്നു പറഞ്ഞു;

വെളിപ്പാടു 3:15 നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെവായിൽ നിന്നു ഉമിണ്ണു കളയും.

**വെളിപ്പാടു 3: 22 ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.**

## അനുബന്ധം

ഈ ലേഖനം വായിച്ചതിനു ശേഷം ഇത് ഏകപക്ഷീയ മായ ഒരു കമ്മ്യൂണിസ വിമർശനലേഖനമായി എന്ന സംശയം ചിലർ പറഞ്ഞു അതിനാൽ അതിനുള്ള മറു പടി കൂടി എഴുതുന്നു

ഒന്നാമതായി ഈ ലേഖനത്തിലെ വിഷയം കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും ക്രിസ്തീയമാർഗ്ഗവും തമ്മിലുള്ള താ രതമ്യപഠനം ആയിരുന്നു. ഒരു ബാലൻസിങ്ങ് വേണ്ടി എ ല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും ക്രിസ്തീയ മാർഗവുമാ യി താരതമ്യം ചെയ്യുക പ്രായോഗികമല്ല

മാത്രമല്ല കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൂടാതെ ഇന്ത്യയിലെ പ്രബലമായ രണ്ട് രാഷ്ട്രീയ പാർട്ടികളാണ് കോൺഗ്ര സും ബിജെപിയും. ഇതിൽ കോൺഗ്രസ് പാർട്ടിക്ക്; കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ പോലെ വ്യക്തമായ പ്രത്യ യശാസ്ത്രമോ, സൈദ്ധാന്തിക അടിത്തറയോ നിയത ലക്ഷ്യങ്ങളോ ഇല്ല. അതിനാൽ തന്നെ ക്രിസ്തീയ മാർഗ്ഗ വുമായി അതിനെ താരതമ്യം ചെയ്യുവാനുള്ള സാധ്യത ഇല്ല.

മറ്റൊരു പ്രബല രാഷ്ട്രീയ പാർട്ടിയായ 'ഹിന്ദുത്വ' രാ ഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന ബിജെപിയുടെ ആശയ ങ്ങളും ക്രിസ്തീയ മാർഗ്ഗവും തമ്മിൽ യാതൊരു സാമ്യ വുമില്ല എന്ന് ഏതൊരാൾക്കും അറിയാം. അതിനാൽ അത്തരം താരതമ്യത്തിനും പ്രസക്തിയില്ല.

എന്നാൽ കമ്മ്യൂണിസത്തിന്റെ യഥാർത്ഥ പ്രത്യയശാ സ്ത്രവും, താത്വിക അടിത്തറയും ലക്ഷ്യങ്ങളും മറച്ചു പിടിച്ച് കാറൽ മാർക്സിന്റെയും ക്രിസ്തുവിന്റെയും ഉപദേ ശങ്ങൾ തമ്മിലുള്ള ചില വിദൂര സാദൃശ്യങ്ങൾ എടു ത്തു കാണിച്ചു രണ്ടു മാർഗ്ഗവും ഒരേ ദിശയിലാണ് എന്ന് തെറ്റിദ്ധരിപ്പിച്ച് കൊണ്ടുള്ള ലേഖനങ്ങളും പ്രചരണ ങ്ങളും കണ്ടതിനാൽ; അതിൽ പല ചെറുപ്പക്കാരും തെ

റ്റിപ്പോകാൻ സാധ്യതയുള്ളതിനാലാണ് ഇത്തരത്തിലെ താരതമ്യ പഠനം തയ്യാറാക്കിയത്.

ഒരു ക്രിസ്തീയ വിശ്വാസിക്ക് ഏതൊരു രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിക്കുവാനും ഒന്നിനും വിശ്വസിക്കാതിരിക്കാനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ നിസ്തുലമായ ക്രിസ്തീയ മാർഗത്തിലെ സന്ദേശം ഒരു പ്രത്യയ ശാസ്ത്രതിനോടും താരതമ്യം ഇല്ലാത്ത വിധം ഉന്നതമാണ്. അത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്നതിനെ എതിർക്കേണ്ടത് ഏതൊരു ക്രിസ്ത്യാനിയുടെയും കടമയാണ്.